**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1982** **14-10-2024 - ൽ മറുപടിയ്ക്ക്**

**എൻ.സി.സി (നാഷണൽ കേഡറ്റ് കോർപ്സ്) -ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാഷ്ട്രനിർമ്മാണത്തിനും സ്വഭാവ വികസനത്തിനും എൻ.എസ്.എസ്(നാഷണൽ സർവീസ് സ്കീം), എൻ.സി.സി (നാഷണൽ കേഡറ്റ് കോർപ്സ്) എന്നീ രണ്ട് പ്രോഗ്രാമുകളും ഗണ്യമായ സംഭാവന നൽകിയിട്ടും, എൻ.എസ്.എസ് (നാഷണൽ സർവീസ് സ്കീം) അംഗങ്ങൾക്ക് മാത്രമായി പ്രൊഫഷണൽ കോഴ്സുകളിൽ ഗ്രേസ് മാർക്ക് നൽകുന്നതിനു പിന്നിലുള്ള യുക്തി എന്താണെന്നു വിശദീകരിക്കാമോ; | (എ) | നിലവിൽ കാർഷിക സർവകലാശാല എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. കേരള സാങ്കേതിക സർവകലാശാല എൻ.സി.സി. നടത്തിവരുന്ന ബി സർട്ടിഫിക്കറ്റിന് 60 ആക്ടിവിറ്റി പോയിന്റ്സും, സി സർട്ടിഫിക്കറ്റിന് 80 ആക്ടിവിറ്റി പോയിന്റ്സും നൽകി വരുന്നുമുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എൻ.സി.സി. കേഡറ്റുകൾക്ക് കേരള സാങ്കേതിക സർവകലാശാല വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.<br><br>എൻ.എസ്.എസ്/എൻ.സി.സി/സ്പോർട്സ് കൾച്ചറൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രെയിസ് മാർക്ക് നൽകുന്നതിനുവേണ്ടി ഏകീകൃത ചട്ടങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മെമ്പർ സെക്രട്ടറി കൺവീനറായ കമ്മിറ്റി 30/09/2024-നു ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാമിൽ എൻ.എസ്.എസ്./ എൻ.സി.സി. പ്രവർത്തനങ്ങൾക്കുള്ള ഗ്രേസ് മാർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. കൂടാതെ, എൻ.സി.സി. കേഡറ്റുകൾക്ക് എൽ.എൽ.ബി. കോഴ്സിന് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് എൻ.സി.സി. വകുപ്പ് സമർപ്പിച്ച അപേക്ഷ കേരള സർവകലാശാലയുടെ പരിഗണനയിലാണ്.<br><br>കേഡറ്റുകളിൽ നിന്നും, യൂണിറ്റുകളിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എൻ.സി.സി. ഡയറക്ടേറ്റിൽ ലഭ്യമായ പ്രൊപ്പോസലുകൾ കേരള സാങ്കേതിക സർവകലാശാലയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഷയത്തിൽ തുല്യനീതിയുടെ ആവശ്യകത സർക്കാർ തിരിച്ചറിയുന്നുണ്ടോ ; എങ്കിൽ ഈ അസമത്വം പരിഹരിക്കുന്നതിനും എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | നിലവിൽ കാർഷിക സർവകലാശാല എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. കേരള സാങ്കേതിക സർവകലാശാല എൻ.സി.സി. നടത്തിവരുന്ന ബി സർട്ടിഫിക്കറ്റിന് 60 ആക്ടിവിറ്റി പോയിന്റ്സും, സി സർട്ടിഫിക്കറ്റിന് 80 ആക്ടിവിറ്റി പോയിന്റ്സും നൽകി വരുന്നുമുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിയ്ക്കുന്ന എൻ.സി.സി. കേഡറ്റുകൾക്ക് കേരള സാങ്കേതിക സർവകലാശാല വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.<br><br>എൻ.എസ്.എസ്/എൻ.സി.സി/സ്പോർട്സ് കൾച്ചറൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രെയിസ് മാർക്ക് നൽകുന്നതിനുവേണ്ടി ഏകീകൃത ചട്ടങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മെമ്പർ സെക്രട്ടറി കൺവീനറായ കമ്മിറ്റി 30/09/2024-നു ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാമിൽ എൻ.എസ്.എസ്./ എൻ.സി.സി. പ്രവർത്തനങ്ങൾക്കുള്ള ഗ്രേസ് മാർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. കൂടാതെ, എൻ.സി.സി. കേഡറ്റുകൾക്ക് എൽ.എൽ.ബി. കോഴ്സിന് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് എൻ.സി.സി. വകുപ്പ് സമർപ്പിച്ച അപേക്ഷ കേരള സർവകലാശാലയുടെ പരിഗണനയിലാണ്.<br><br>കേഡറ്റുകളിൽ നിന്നും, യൂണിറ്റുകളിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എൻ.സി.സി. ഡയറക്ടേറ്റിൽ ലഭ്യമായ പ്രൊപ്പോസലുകൾ കേരള സാങ്കേതിക സർവകലാശാലയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | പ്രൊഫഷണൽ കോഴ്സുകളിൽ എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നോ എൻ.സി.സി യൂണിറ്റുകളിൽ നിന്നോ അല്ലെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നോ എന്തെങ്കിലും ശിപാർശകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (സി) | നിലവിൽ കാർഷിക സർവകലാശാല എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. കേരള സാങ്കേതിക സർവകലാശാല എൻ.സി.സി. നടത്തിവരുന്ന ബി സർട്ടിഫിക്കറ്റിന് 60 ആക്ടിവിറ്റി പോയിന്റ്സും, സി സർട്ടിഫിക്കറ്റിന് 80 ആക്ടിവിറ്റി പോയിന്റ്സും നൽകി വരുന്നുമുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിയ്ക്കുന്ന എൻ.സി.സി. കേഡറ്റുകൾക്ക് കേരള സാങ്കേതിക സർവകലാശാല വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.<br><br>എൻ.എസ്.എസ്/എൻ.സി.സി/സ്പോർട്സ് കൾച്ചറൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രെയിസ് മാർക്ക് നൽകുന്നതിനുവേണ്ടി ഏകീകൃത |

| | | | |
|---|---|---|---|
| | | | ചട്ടങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മെമ്പർ സെക്രട്ടറി കൺവീനറായ കമ്മിറ്റി 30/09/2024-നു ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാമിൽ എൻ.എസ്.എസ്./ എൻ.സി.സി. പ്രവർത്തനങ്ങൾക്കുള്ള ഗ്രേസ് മാർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. കൂടാതെ, എൻ.സി.സി. കേഡറ്റുകൾക്ക് എൽ.എൽ.ബി. കോഴ്സിന് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് എൻ.സി.സി. വകുപ്പ് സമർപ്പിച്ച അപേക്ഷ കേരള സർവകലാശാലയുടെ പരിഗണനയിലാണ്.<br><br>കേഡറ്റുകളിൽ നിന്നും, യൂണിറ്റുകളിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എൻ.സി.സി. ഡയറക്ടേറ്റിൽ ലഭ്യമായ പ്രൊപ്പോസലുകൾ കേരള സാങ്കേതിക സർവകലാശാലയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| (ഡി) | എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നിരസിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം, യുവാക്കൾക്കിടയിൽ എൻ.സി.സി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദേശീയ നയങ്ങളോടും മാർഗ്ഗനിർദ്ദേശങ്ങളോടുമുള്ള വ്യതിചലനമാണോ ; അല്ലെങ്കിൽ പ്രസ്തുത ദേശീയ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ഈ തീരുമാനം അവലോകനം ചെയ്യാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദീകരിക്കാമോ; | (ഡി) | സംസ്ഥാനത്തെ എൻ.സി.സി.കേഡറ്റുകൾക്ക് വിവിധ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ ഓരോ വർഷവും ഗ്രേസ് മാർക്കും മെഡിക്കൽ/ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് സീറ്റ് സംവരണവും നൽകി വരുന്നു.<br><br>i. എസ്.എസ്.എൽ.സി., +2, വി.എച്ച്.എസ്.സി. എന്നീ കോഴ്സുകൾക്ക് 20 മുതൽ 40 മാർക്ക് വരെ ഗ്രേസ് മാർക്ക് നൽകി വരുന്നു.<br><br>ii. പോളിടെക്നിക് കോഴ്സിന് പഠിക്കുന്ന എൻ.സി.സി.കേഡറ്റുകൾക്ക് പരമാവധി 5 ശതമാനം വരെ ഗ്രേസ് മാർക്ക് സംസ്ഥാനം നൽകിവരുന്നുണ്ട്.<br><br>iii. സർവകലാശാലകൾ ബിരുദ കോഴ്സുകൾക്ക് മിനിമം ഒരു ശതമാനം മുതൽ 25 ശതമാനം വരെ ഗ്രേസ് മാർക്ക് നൽകി വരുന്നു.<br><br>iv. സംസ്ഥാനത്തെ എൻ.സി.സി.കേഡറ്റുകൾക്ക് 13 സീറ്റ് വിവിധ പ്രൊഫഷണൽ കോഴ്സുകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ കോഴ്സുകളുടെ ഉപരി പഠനത്തിനായി വെയിറ്റേജ് മാർക്കും നൽകി വരുന്നു. |
| (ഇ) | എയ്ഡഡ്, സർക്കാർ സ്ഥാപനങ്ങളിലെ എൻ.സി.സി പ്രവർത്തനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം എത്രയാണെന്നും ഈ തുകയുടെ വിതരണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും | (ഇ) | 12.4 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം. അനുവദിച്ച തുകയുടെ വിതരണത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അനുവദിക്കാനുള്ള തുക എത്രയാണെന്നും പ്രസ്തുത തുക അനുവദിക്കാത്തത് കൊണ്ട് എൻ.സി.സി പ്രോഗ്രാമുകൾക്ക് ഉണ്ടാക്കിയ തടസ്സം സർക്കാർ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (എഫ്) | ഭാവിയിൽ എൻ.സി.സി യുടെ ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യുന്നത് ഉറപ്പാക്കാൻ ഗവൺമെന്റിന്റെ പദ്ധതികൾ എന്തൊക്കെയാണ് ; ഇത്തരം കാലതാമസങ്ങൾ ആവർത്തിക്കാതിരിക്കാനും അതുവഴി എയ്ഡഡ്, സർക്കാർ സ്ഥാപനങ്ങളിലെ എൻ.സി.സി പരിശീലനം, ക്യാമ്പുകളുടെ തുടർച്ച എന്നിവ സംരക്ഷിക്കുന്നതിനും എന്തെങ്കിലും നയപരമായ മാറ്റങ്ങൾ പരിഗണനയിലുണ്ടോ? | (എഫ്) | ഫണ്ട് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത പരിശോധിച്ച ശേഷം ഫണ്ട് അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ